THATCHING OF GOVERNMENT PRIMARY SCHOOLS

*647 [9] **Sri. .N. P. Varghese :** Will the Hon'ble Minister for Education be pleased to state.—

the average expenditure for thatching and maintenance for a Government Primary school every year?

Sri. Panampilli Govinda Menon : Nearly Rs. 175.

ശ്രീ. എൻ. പി. വറുഗീസ് : ഓട്ട മേയണമെങ്കിൽ എന്തു് ചെലവു് വരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇന്നത്തെ ഓടിന്റെ നിരക്കെന്താണെന്നറിഞ്ഞു കൂടാ.

ശ്രീ. കെ. ആർ. ഇലങ്കത്തു് : പെമെർനൻറ് റൂഫിംഗ് ഇല്ലാതെ ഓലകെട്ടിക്കെണ്ടിരിക്കുന്ന വിദ്യാലയങ്ങൾ എത്രയെണ്ണം ഉണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ കണക്കെടുത്തിട്ടില്ല.

ഡിനോമിനേഷൻ സ്കൂളുകൾ

*൩൫൨ (൧൦) ശ്രീ. എ. എൽ. ജേക്കബ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ ഡിനോമിനേഷൻ സ്കൂളുകൾ നിർത്തിക്കളയുവാൻ ആലോചനയുണ്ടോ?

(ബി) ഉണ്ടെങ്കിൽ സമർത്ഥമായ നടപടികൾ ഉടൻ എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഉണ്ടു്.

(ബി) ഈ കാര്യം ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : അടുത്ത സ്കൂൾവർഷാരംഭത്തിനു മുമ്പു് ഈ ഡിനോമിനേഷനൽ സ്കൂളുകൾ നിറുത്തിക്കളയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നിർദ്ദേശം ഉണ്ടു്.

ശ്രീ. സബാസ്റ്റ്യൻതോപ്പിൽ : ഡിനോമിനേഷനൽ സ്കൂളുകൾ നിറുത്തിക്കളയുവാൻ നിർദ്ദേശം ഉണ്ടു്, എന്നാൽ അതു് അടുത്ത സ്കൂൾവർഷാരംഭത്തിനു മുമ്പുതന്നെ നിറുത്തുമോ എന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെക്കുറിച്ചാലോചിച്ചു കൊണ്ടിരിക്കുകയാണു്.

FEES

*649. [11] **Sri. Alexander Vakayil :** Will the Hon'ble Minister for Education be pleased to state.—

(*a*) the rate of fees collected from the pupils in forms I and II in the Travancore Division :

(*b*) the rate of fees collected for the same classes in Cochin Division ; and

(*c*) does the Government know that teachers in private secondary schools ultimately suffer due to this reduction of fees in these classes ?

Sri. Panampilli Govinda Menon : (*a*) Tuition fees at the rate of Rs. 12 per pupil per annum in eight instalments.

(*b*) Tuition fees at the rate of Rs. 24 per annum in equal instalments.

(*c*) Yes. In some cases in Travancore area.

ശ്രീ. അലക്സാണ്ടർ വാകയിൽ : സർ, തിരുവിതാംകൂർ ഭാഗം സ്കൂളുകളിലെ ഫീസു കുറച്ചിട്ടു എത്ര കാലമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അലക്സാണ്ടർ വാകയിൽ : ഫീസു കുറയ്ക്കുവാനുള്ള കാരണമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു നോട്ടീസു കൂടാതെ പറയാൻ സാധിക്കയില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ : ഇതിയിടെ നടന്ന ഇൻസ്പെക്ടറന്മാരുടെ കാൺഫറൻസിൽ ഫസ്റ്റും സെക്കൻഡും ഫാറങ്ങൾക്കു് അതൊന്നുക്കു് ഒരു ശുപാർശം കൂടിക ളിൽനിന്നും പിരിക്കണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ കോൺഫറൻസിന്റെ റിപ്പോർട്ട കിട്ടിയിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ : ആ റിപ്പോർട്ട കിട്ടിക്കഴിഞ്ഞാൽ ഈ നിർദ്ദേശങ്ങൾ സ്വീകരിക്കാമോ?

Mr. Speaker : That is a hypothetical question.

മണിമല റെയിഞ്ചിലെ കുത്തകപ്പാട്ടക്കാരുടെ ഇറക്കിവിടൽ

*൩൪൦. (ഉദ) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഫാറസ്റ്റുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) മണിമല റെയിഞ്ചിൽപ്പെട്ട കലപ്പക്കോടി, വളകോടി എ. ബി. ബ്ലോക്കുകളിലെ കുത്തകപ്പാട്ടക്കാരുടെ, ഇറക്കിവിടൽ നടപടി സംബന്ധിച്ചു അപേക്ഷകൾ കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എടുത്തിട്ടുള്ള നടപടികൾ എന്താണെന്നു് പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഉണ്ടു്.

(ബി) ഈ ബ്ലാക്കുകളിൽ പാട്ടക്കാലാവധി അവസാനിച്ചുമുറയിൽ പാട്ടം പുതുക്കിക്കിട്ടുന്നതിനു് പാട്ടക്കാർ അപേക്ഷിക്കാതിരുന്നതുകൊണ്ടു് നിയമാനുസൃതമായ നടപടികൾ എടുക്കുകയുണ്ടായി. ഇപ്പോൾ കാലാവധി നീട്ടിക്കിട്ടുന്നതിനു് ഒരു അപേക്ഷ കിട്ടുകയും അതിന്മേൽ നടപടി എടുക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ആ സ്ഥലത്തു് നെൽകൃഷിയില്ലാതെ മറ്റു കൃഷികൾ നടത്താൻ അനുവദിക്കുന്നില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നെൽകൃഷി നടത്തുന്നതിനാണു് ഇതൊക്കെ കൊടുത്തിട്ടുള്ളതു്.

ശ്രീ. എ. കെ. പാച്ചുപിള്ള : ഇങ്ങനെ പാട്ടവ്യവസ്ഥയിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ഹരിജനെ ഇറക്കിവിടാൻ പോകുന്നതായി ആ ഹരിജനിൽനിന്നും ഹർജി കിട്ടിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള : അങ്ങനെ ഇറക്കിവിടുകയാണെങ്കിൽ അതിന്മേൽ വേണ്ട നടപടി എടുക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ . അതേപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഒരു കൊല്ലത്തേയ്ക്കു മാത്രമായിട്ടെന്തിനാണു് കൊടുക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പാട്ടം ഓരോ കൊല്ലത്തേയ്ക്കാണു് കൊടുക്കുന്നതു്.

ശ്രീ. കെ. അയ്യപ്പൻ : മുമ്പുള്ളതു് എത്ര കൊല്ലത്തേയ്ക്കാണു കൊടുത്തിരുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു നോട്ടീസു് കൂടാതെ പറയാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly